പക്ഷേ ഗവൺമെൻറിന്റെ കണക്കനുസരിച്ച് ഇപ്പോൾ നടത്താനിരിക്കുന്ന ഏറ്റവും എഫക്ടീവായിട്ടുള്ള ഒരു മാർഗ്ഗത്തിന്റെ അടിസ്ഥാനത്തിലാണ് ഈ സർവ്വേ നടത്തിയത്. ഇതനുസരിച്ച് മാത്രമേ നമുക്ക് ഇപ്പോൾ സഹായം നൽകാൻ കഴിയുകയുള്ളൂ.

ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി., ഐ. ആർ. ഡി. പി. എന്നിവ സംബന്ധിച്ച നിർദ്ദേശം

*260. [281] ശ്രീ. ടി. കെ. അറുമുഖൻ :
,, സി. കെ. തങ്കപ്പൻ :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, സി. ടി. കൃഷ്ണൻ :
,, കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി., ഐ.ആർ.ഡി.പി. എന്നീ സ്കീമുകൾ നടപ്പിലാക്കുന്നതു സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അത് എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഉണ്ട്.

(ബി) ആർ. എൽ. ഇ. ജി. പി.

100% കേന്ദ്ര സഹായം ലഭിക്കുന്ന ഈ പദ്ധതി പ്രകാരം പ്രവർത്തികൾ ഏറ്റെടുക്കുമ്പോൾ ഗ്രാമീണ ജനതയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുന്നതും, അവരുടെ ജീവിത നിലവാരം മെച്ചപ്പെടുന്ന തരത്തിലുള്ളതുമായ പദ്ധതികൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കണമെന്ന് കേന്ദ്ര ഗവൺമെൻറിന് നിർദ്ദേശമുണ്ട്. ഈ പദ്ധതി പ്രകാരം ഗ്രാമീണലിങ്ക് റോഡുകൾ, ചെറുകിട ജലസേചന പദ്ധതികൾ, സാമൂഹ്യ വനവൽക്കരണ പരിപാടികൾ, ഭൂപരിപാലനം, പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വേണ്ടിയുള്ള വീട് നിർമ്മാണം എന്നിവ ഏറ്റെടുക്കണമെന്ന് നിർദ്ദേശമുണ്ട്. ഈ പദ്ധതി ജില്ലാ ഗ്രാമവികസന ഏജൻസികൾ മുഖേന തന്നെ നടപ്പാക്കണമെന്നതാണ് മറ്റൊരു പ്രധാന നിർദ്ദേശം.

എൻ. ആർ. ഇ. പി.

50% കേന്ദ്ര സർക്കാരും ബാക്കി 50% സംസ്ഥാന സർക്കാരും വഹിക്കുന്ന ഈ പദ്ധതിയനുസരിച്ച് ഗ്രാമീണ ജനതക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ ഉതകുന്ന പ്രവർത്തികൾ ഏറ്റെടുക്കണമെന്നുള്ളതാണ് പ്രധാന നിർദ്ദേശം. ഇരുപതിന സാമ്പത്തിക പരിപാടിയിൽപ്പെട്ട ഗ്രാമീണ ലിങ്ക റോഡുകളുടെ നിർമ്മാണം, ചെറുകിട ജലസേചനം, ഭൂപരിപാലനം, സ്കൂൾ, ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണം, പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള ഭവന നിർമ്മാണം, സാമൂഹ്യ വനവൽക്കരണ പരിപാടികൾ മുതലായ പ്രവൃത്തികൾ ഏറ്റെടുക്കേ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടോണ്. എന്നുള്ളത് മറെറാരു നിർദ്ദേശമാണ്. ഈ പദ്ധതി ജില്ലാ ഗ്രാമ വികസന ഏജൻസികളും മുഖേന നടപ്പാക്കണമെന്ന വ്യക്തമായ നിർദ്ദേശം ഉണ്ട്.

ഐ. ആർ. ഡി. പി.

50% തുക കേന്ദ്രവും 50% തുക സംസ്ഥാന ഗവൺമെൻറും വഹിക്കുന്ന ഈ പദ്ധതി പ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ള ഗ്രാമീണ കുടുംബങ്ങളുടെ വരുമാനം സ്വയം തൊഴിൽ കണ്ടെത്തൽ സംരംഭങ്ങളിലൂടെ വർദ്ധിപ്പിക്കുന്നതിന് അവസരം നൽകി അവരെ ദാരിദ്ര്യരേഖക്ക് മുകളിൽ കൊണ്ടുവരിക എന്ന ഉദ്ദേശത്തോടെ വേണം ഈ പദ്ധതി നടപ്പാക്കേണ്ടത് എന്നാണ് പ്രധാന നിർദ്ദേശം. ഈ പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് കുടുംബ സർവ്വേ നടത്തിയശേഷമായിരിക്കണമെന്ന വ്യക്തമായ നിർദ്ദേശമുണ്ട്. ചെറുകിട കൃഷിക്കാർക്ക് സബ്സിഡി 25 ശതമാനവും നാമമാത്ര കൃഷിക്കാർക്കും കർഷകത്തൊഴിലാളികൾക്കും മറ്റുള്ളവർക്കും സബ്സിഡി 33⅓ ശതമാനവും ഗിരിവർഗ്ഗ കുടുംബങ്ങൾക്കും സബ്സിഡി 50 ശതമാനവും ആയിരിക്കണമെന്നും, ഒരു കുടുംബത്തിനുള്ള സബ്സിഡി 3000 രൂപയും ഗിരിവർഗ്ഗ കുടുംബങ്ങൾക്ക് സബ്സിഡി 5000 രൂപയും കവിയാൻ പാടില്ല എന്നും നിർദ്ദേശമുണ്ട്. കൂടാതെ ഈ പദ്ധതിയനുസരിച്ച് സഹായം നൽകുന്ന കുടുംബങ്ങളിൽ 40 ശതമാനം പട്ടികജാതി പട്ടിക വർഗ്ഗക്കാർക്കും 33⅓ ശതമാനം സ്ത്രീകൾക്കുമായിരിക്കണമെന്നതാണ് മറെറാരു പ്രധാന നിർദ്ദേശം.

ആർ. എൽ. ഇ. ജി. പി.

ഗ്രാമീണ ദാരിദ്ര്യം ഇല്ലാതാക്കാൻ ഗ്രാമപ്രദേശങ്ങളിൽ ഭൂരഹിതർക്ക് വേണ്ടത്ര തൊഴിൽ സൗകര്യം ലഭ്യമാക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ആർ. എൽ. ഇ. ജി. പി. പ്രകാരമുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചത്. ഭൂരഹിത തൊഴിലാളി കുടുംബത്തിന് ഒരാൾക്കെങ്കിലും ഒരു വർഷത്തിൽ ചുരുങ്ങിയത് 100 ദിവസം ജോലി നൽകുവാൻ ഈ പദ്ധതി പ്രകാരം സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിലെ ബ്ലോക്കുകളിൽ ഗ്രാമവികസന ഏജൻസികൾ മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി അഖിലേന്ത്യാ തലത്തിൽ 1983-84 വർഷത്തിൽ തുടങ്ങിയതാണെങ്കിലും കേരളത്തിൽ 1984-85 വർഷത്തിലാണ് തുടങ്ങിയത്. ആറാം പഞ്ചവൽസര പദ്ധതി കാലത്ത് സംസ്ഥാനത്തിന് കിട്ടേണ്ട കേന്ദ്ര വിഹിതം താഴെ പറയുന്ന പ്രകാരമായിരുന്നു. 1983-84 : 470 ലക്ഷം രൂപ. 1984-85 : 1877 ലക്ഷം രൂപ. ഈ കാലയളവിൽ മൊത്തം 3479.573 ലക്ഷം രൂപ ചെലവ് വരും. താഴെ പറയുന്ന മൂന്ന് പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്.

ശ്രീ. രമേശ് ചെന്നിത്തല : ഇത്ര വിപുലമായ ജനറൽ ചോദ്യങ്ങൾ ചോദിച്ചാൽ ഉത്തരം മുഴുവൻ പറയേണ്ടി വരും. വേണമെങ്കിൽ ഇതെല്ലാം വായിക്കാം.

മി. സ്പീക്കർ : ഇത് വായിക്കേണ്ട കാര്യമില്ല.

ശ്രീ. ടി. കെ. അറുമുഖൻ : ഈ പദ്ധതി അനുസരിച്ച് നടപ്പിലാക്കുന്ന ഒരു കാര്യത്തെ സംബന്ധിച്ച് മാത്രമേ മന്ത്രി മറുപടി പറഞ്ഞുള്ളൂ. പുതിയ

LIBRARY ARCHIVES Kerala Legislative Assembly

വല്ല നിർദ്ദേശവുമുണ്ടോ ? ഇപ്പോഴത്തെ ആർ. എൽ. ഇ. ജി. പി. യും എൻ. ആർ. ഇ. പി. യും സ്കീമനുസരിച്ച് നടത്തുന്ന വീടിന് 56,00 രൂപയേ കൊടുക്കുന്നുള്ളു. വില വർദ്ധനവനുസരിച്ച് ആ സംഖ്യ പോര എന്ന ആവശ്യം ഈ രാജ്യത്തെ എല്ലാവരും അംഗീകരിച്ചിട്ടുണ്ട്. കേരളാ ഗവൺമെന്റ് അത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് ; ഉണ്ടെങ്കിൽ സംഖ്യവർദ്ധിപ്പിച്ചു കിട്ടുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് എന്ത് സമീപനം സ്വീകരിച്ചുവെന്ന് പറയാൻ കഴിയുമോ ?

ശ്രീ. രമേശ് ചെന്നിത്തല : വ്യക്തമായ നിർദ്ദേശമാണ് ഞാൻ പറഞ്ഞത്. ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി., ഐ.ആർ.ഡി.പി. ഇതിൽ കേന്ദ്ര ഗവൺമെന്റ് എങ്ങനെയാണ് പണം ചെലവഴിക്കേണ്ടത് : എന്തൊക്കെ പ്രവർത്തികളാണ് ഏറെറടുക്കേണ്ടത്, ഈ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് നൽകിയിട്ടുള്ള നിർദ്ദേശങ്ങളാണ് ഞാൻ ഇവിടെ വായിച്ചത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. അറുമുഖൻ വില വർദ്ധനവ് മൂലം വീട് നിർമ്മാണം തുടങ്ങിയിട്ടുള്ളവർക്ക് ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ട് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോയെന്ന് ചോദിച്ചു. ഈ കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. ടി. കെ. അറുമുഖൻ : ഇപ്പോഴത്തെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിപാടികളല്ലാതെ പുതിയതായി വല്ല നിർദ്ദേശവുമുണ്ടോ ?

ശ്രീ. രമേശ് ചെന്നിത്തല : പുതിയ നിർദ്ദേശമൊന്നും ഇതുവരെ കിട്ടിയിട്ടില്ല.

ശ്രീ. സി.കെ. തങ്കപ്പൻ : ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., ആർ.എൻ.ഇ.ജി.പി. സ്കീമുകളും കേരളത്തിൽ നടപ്പിലാകുമ്പോൾ ഗ്രാമ പഞ്ചായത്തുകളും ഗ്രാമ കൗൺസിലുകളും വ്യക്തമായി പരിശോധിച്ച് ഉത്തരവാദിത്വത്തോടുകൂടി നടപ്പിലാക്കണമെന്ന കേന്ദ്രത്തിന്റെ നിർദ്ദേശം; കേരളത്തിൽ പഞ്ചായത്തുകളും, കൗൺസിലുകളും ഇല്ലാത്തതുകൊണ്ട് എങ്ങനെ നടപ്പിലാക്കാനാണ് മന്ത്രി ഉദ്ദേശിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല : കേരളത്തിൽ ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് സമിതികളില്ലാത്തതു കാരണം എം. എൽ. എ. മാരും, അതോടൊപ്പം തന്നെ ഡി. ആർ. ഡി. എ. അനൗദ്യോഗിക ഗവേണിംഗ് ബോഡി അംഗങ്ങളും ചേർന്നിട്ടുള്ള ജില്ലാ ഗ്രാമ വ്യവസായ ഏജൻസിയാണ് ഇതിൽ ഫൈനൽ തീരുമാനം എടുക്കുന്നത്.

ശ്രീ. സി. കെ. തങ്കപ്പൻ : കേരളത്തിൽ വികസനവകുപ്പും അതിന്റെ മുകളിൽ ഡി. ആർ. ഡി. എ. ഗവേണിംഗ് ബോഡിയും കളക്ടറും കഴിഞ്ഞാൽ പിന്നീട് ബൃഹത്തായ ഈ പരിപാടി നടപ്പിലാക്കുന്നത് മന്ത്രി മാത്രമാണ്. അതുകൊണ്ട് വളരെ ഉത്തരവാദിത്വത്തോടുകൂടി വെട്ടിപ്പും തട്ടിപ്പുമെല്ലാം ഒഴിവാക്കി ഫലപ്രദമായി ഇത് നടപ്പിലാക്കുന്നതിനുവേണ്ടി ഈ വികസനവകുപ്പിന് ഒരു പ്രത്യേക ഡയറക്ടറേറ്റ് രൂപീകരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല : ഈ നിർദ്ദേശം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : ഐ. ആർ. ഡി. പി. ലോണുകൾ നൽകുന്നതിന് ബാങ്ക് മാനേജർമാർ വേണ്ടത്ര സഹകരിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ പറയുകയുണ്ടായി. എന്നാൽ പല ബാങ്കു മാനേജർമാരും ഇതിൽ ആത്മാർത്ഥമായി സഹകരിക്കുന്നില്ല. അതിന്റെ പേരിൽ ഗുണഭോക്താക്കൾ വളരെയധികം കഷ്ടപ്പെടുന്നുവെന്നുള്ള ആക്ഷേപം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയാൽ ഈ ബാങ്കു മാനേജർമാർക്ക് കർക്കശമായ നിർദ്ദേശം നൽകുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. രമേശ് ചെന്നിത്തല : പൊതുവെ ഞാൻ പറഞ്ഞതാണ്. ബാങ്കുകളുടെ സഹകരണം നമുക്കുണ്ട്. ഈ വർഷത്തെ ടാർജറ്റ് തന്നെ ഡിസംബർ മാസത്തിൽ പൂർണ്ണമായി അച്ചീവ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ള പ്രതീക്ഷയിലാണ്. കേന്ദ്രഗവൺമെന്റിന്റെ സഹായമുണ്ടാകുകയാണെങ്കിൽ ഇരുപത്തയ്യായിരം കുടുംബങ്ങളെക്കൂടി പുതുതായി നമുക്ക് ഈ വർഷം അസിസ്റ്റ് ചെയ്യാൻ കഴിയും. എന്തെങ്കിലും പ്രത്യേകമായ പരാതിയുണ്ടെങ്കിൽ എഴുതിത്തന്നാൽ പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. സ്കീമനുസരിച്ച് തുടങ്ങിയ പണികൾ നടത്തുന്നതിന് കഴിഞ്ഞ സാമ്പത്തികവർഷം എന്തുമാത്രം തുക ചെലവഴിച്ചു, ചെലവഴിച്ച തുകയുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കാമോ?

ശ്രീ. രമേശ് ചെന്നിത്തല : ആർ. എൽ. ഇ. ജി. പി. ക്ക് മൊത്തം നമുക്ക് 1864 ലക്ഷം രൂപയാണ് കേന്ദ്രവിഹിതമായിക്കിട്ടിയിട്ടുള്ളത്. എൻ. ആർ. ഇ. പി. യിലാണെങ്കിൽ 7908.15 ലക്ഷം രൂപയാണ് കിട്ടിയിട്ടുള്ളത്.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) : ഓരോ ജില്ലയിലും ചെലവഴിച്ച തുകയെത്രയാണെന്നാണ് ഞാൻ ചോദിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല : അത് എഴുതിക്കൊടുക്കാം.

ശ്രീ. സി. ടി. കൃഷ്ണൻ : ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. സ്കീം പ്രകാരം നിർമ്മിക്കുന്ന വീടുകളും റോഡുകളുമൊന്നും കൃത്യസമയത്ത് നടക്കാറില്ല. കൃത്യസമയത്ത് പണം കൊടുക്കുകയോ കൃത്യസമയത്ത് പരിശോധന നടത്തുകയോ ചെയ്യാത്തതുകൊണ്ട് ഒരുവർഷത്തിൽ നൂറു ദിവസം ഗ്രാമീണതൊഴിലാളികൾക്ക് തൊഴിൽ കിട്ടണമെന്ന പദ്ധതി നടപ്പിലാകുന്നില്ല. അതുകൊണ്ട് കാലതാമസമൊഴിവാക്കുന്നതിനും കൃത്യസമയത്തിന് റോഡുകളുടെയും വീടുകളുടെയും പണി നടത്തുന്നതിനാവശ്യമായ തീരുമാനം എടുക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല : കൃത്യസമയത്തുതന്നെ ഏറ്റെടുത്തിട്ടുള്ള പണികൾ പൂർത്തിയാക്കണമെന്ന നിർദ്ദേശമാണ് ഇപ്പോൾ കൊടുത്തിട്ടുള്ളത്. ഇപ്പോൾത്തന്നെ 30-9-1986-നകം ഏറ്റെറ്റെടുത്തിരിക്കുന്ന എല്ലാ പ്രവർത്തികളും പൂർത്തിയാക്കണമെന്ന നിർദ്ദേശം കൊടുത്തുകഴിഞ്ഞിട്ടുണ്ട്. അതിനനുസരിച്ചുള്ള ഒരു പുരോഗതിയും ഉണ്ടായിട്ടുണ്ട്. ഇത് മോണിറ്റർ ചെയ്യാൻ വേണ്ടി ഒരു പ്രത്യേക സംവിധാനം തന്നെ ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ടി. കൃഷ്ണൻ : കേന്ദ്രത്തിൽ നിന്നു കിട്ടുന്ന പൈസ ആനുപാതികമായി ബ്ലോക്കുകൾക്ക് വീതിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; ഹരിജനങ്ങൾ, പാവപ്പെട്ടവർ, പിന്നോക്കവിഭാഗക്കാരായവർ എന്നിവർക്ക് എന്ത് ആനുപാതികത്തിന്റെ അടിസ്ഥാനത്തിലാണ് കൂടുതൽ പണം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. രമേശ് ചെന്നിത്തല : പട്ടികജാതി-പട്ടികവർഗ്ഗക്കാർ, കർഷകത്തൊഴിലാളികൾ, പരിമിതകർഷകർ എന്നിവരുടെ ജനസംഖ്യാനുപാതത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ ബ്ലോക്കിലേക്കും ഓരോ വർഷവും തുക അനുവദിക്കുന്നത്.

ശ്രീ. പി. പി. തങ്കച്ചൻ : ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. എന്നീ സ്കീമുകളനുസരിച്ച് പണിയുന്ന റോഡുകളുടെയും മറ്റുമൊക്കെ മെയിന്റനൻസിന്റെ പ്രശ്നം ഇന്നൊരു വലിയ പ്രശ്നമായിട്ടാണിരിക്കുന്നത്. റോഡുകളിൽ കുണ്ടും കുഴിയും വന്നുകഴിഞ്ഞാൽ അത് ആരു നന്നാക്കുമെന്നുള്ളതിനെ സംബന്ധിച്ച് വ്യക്തമായിട്ടൊരു തീരുമാനമോ നിർദ്ദേശമോ ഗവൺമെന്റിന് ഉണ്ടോ; അങ്ങനെയൊരു നിർദ്ദേശം കൊടുക്കാൻ സാധിച്ചിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല : അടുത്ത സാമ്പത്തികവർഷം മുതൽ എൻ. ആർ. ഇ. പി. യിൽ പത്തു ശതമാനം തുക മെയിൻറനൻസിനുവേണ്ടി ചെലവാക്കണമെന്നുള്ള നിർദ്ദേശം കേന്ദ്ര ഗവൺമെൻറിൽനിന്നും ലഭിച്ചിട്ടുണ്ട്. അടുത്ത വർഷം മുതൽ അതിനുവേണ്ടി നമ്മൾ പണം ചെലവഴിക്കുന്നതാണ്.

ശ്രീ. വി. സി. കബീർ : ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. പദ്ധതിപ്രകാരം ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾക്ക് 100 ദിവസം പണി കിട്ടണമെന്നാണ് ഉദ്ദേശിക്കുന്നത്. എന്നാൽ പല പ്രദേശങ്ങളിലും കുറഞ്ഞ കൂലിയ്ക്ക് തമിഴ്നാട്ടിൽനിന്നും ആളുകളെക്കൊണ്ടുവന്ന് ജോലിചെയ്യിക്കുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുവഴി നമുക്ക്, നമ്മുടെ തൊഴിലവസരം നഷ്ടപ്പെടുന്നുവെന്നുള്ളത് ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല : തീർച്ചയായും, അത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന് ചില മാർഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർക്ക് എന്തെങ്കിലും പുതിയ നിർദ്ദേശം ഇതു തടയുന്നതിനുവേണ്ടിയുണ്ടെങ്കിൽ അത് ഗവൺമെൻറിന്റെ ശ്രദ്ധയിൽപെടുത്താവുന്നതാണ്. ഗവൺമെൻറ് അത് സ്വീകരിക്കാൻ തയ്യാറാണ്.

ശ്രീ. കെ. പി. എ. മജീദ് : എൻ. ആർ. ഇ. പി. വർക്കുകളെ സംബന്ധിച്ച തീരുമാനമെടുക്കാൻ ഡി. ആർ. ഡി. എ. ഗവേണിംഗ് ബോഡിക്കധികാരമുണ്ട്. എന്നാൽ ആർ. എൽ. ഇ. ജി. പിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള വർക്കുകളിൻമേൽ തീരുമാനിക്കാനും അതിനുള്ള സാഗ്ഷൻ ലഭിക്കാനും കേന്ദ്രത്തിൽ പോകണമെന്ന ഒരു സാഹചര്യമാണുള്ളത്. അതുകൊണ്ട് ആർ. എൽ. ഇ. ജി. പിക്ക് അനുവദിക്കപ്പെടുന്ന വർക്കുകൾക്ക് തീരുമാനമെടുക്കുന്നതിനും മാറ്റുമുള്ള അധികാരം ഡി. ആർ. ഡി. എ. ഗവേണിംഗ് ബോഡിക്ക് നൽകുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം വല്ല നിർദ്ദേശവുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രമേശ് ചെന്നിത്തല : ഡി. ആർ. ഡി. എ. ഗവേണിംഗ് ബോഡി തന്നെയാണ് ആർ. എൽ. ഇ. ജി. പി. വർക്കുകളിലും തീരുമാനമെടുക്കാറുള്ളത്.

ശ്രീ. എ. സി. ഷൺമുഖദാസ് : ഗ്രാമീണതൊഴിൽദാന പദ്ധതിയും ഗ്രാമീണതൊഴിൽഭദ്രതാപദ്ധതിയും ഉണ്ട്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം മറ്റ് സ്റ്റേറ്റുകളിലുള്ള ഗ്രാമീണതൊഴിലാളികളുടെ എണ്ണവുമായി തട്ടിച്ചുനോക്കുമ്പോൾ ഇവിടെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരാണ് അധികവും. അതുകൊണ്ട് നമുക്ക് അലോട്ട്മെന്റ് കിട്ടുന്നില്ലെന്നുള്ളത് പരിശോധിച്ചിട്ടുണ്ടോ? കേരളത്തിൽ തൊഴിൽരഹിതരായ അഭ്യസ്തവിദ്യരാണ് ഏറ്റവും കൂടുതലുള്ളതെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ വിഹിതം പലപ്പോഴും കുറയുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല : അതു പരിശോധിച്ചിട്ടാണ് നടപടി എടുത്തിട്ടുള്ളത്. തീർച്ചയായും ഇത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്ന കാര്യമാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : തൊഴിൽദാനപദ്ധതിപ്രകാരം കൊടുക്കുന്ന ഗോതമ്പിനും അരിക്കും ഒരു രൂപ ഇരുപത്തഞ്ചു പൈസയാണ് വില കണക്കാക്കിയിട്ടുള്ളത്. ഇതിൽ ഒരരിപോലും ഗ്രാമീണ തൊഴിലാളികൾക്ക് കിട്ടുന്നില്ല. അതിനു മുമ്പുതന്നെ ബ്ലോക്കാഫീസും ഡി. ആർ. ഡി. എ. പ്രോജക്ടാഫീസുവഴി വിറ്റുപോകുന്നു. ഈ അരി ഗ്രാമീണതൊഴിലാളികൾക്ക് കൊടുക്കാനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല : അവർക്ക് കിട്ടണമെന്നുള്ളതാണ് ഗവൺമെന്റ് വച്ചിട്ടുള്ള നിർദ്ദേശം. എന്നാൽ കിട്ടുന്നില്ലെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാവുന്ന കാര്യമാണ്. അത് മാറ്റാനുള്ള ചില ശ്രമങ്ങൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ജി. വർദ്ധൻ : *ഹൈറേഞ്ചിലുള്ള ഏഴര മക്കൾക്കു വീടു വെയ്പ്പതിനായ 6,000 രൂപായ് കൊടുപ്പതെ 10,000 രൂപായാകക് കൂട്ടെ വേണ്ടുമെന മത്തിയ സർക്കാരിടം മാനില സർക്കാർ കേട്കത് തയാറാ ?*

ശ്രീ. രമേശ് ചെന്നിത്തല : സാധനസാമഗ്രികളുടെ വിലവർദ്ധനവു കാരണം 6,000 രൂപയ്ക്ക് ഒരു വീട് തീരുകയില്ലെന്നുള്ള സത്യം നമുക്കറിയാം. ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ഒരു കാര്യമാണിത്. കേന്ദ്ര ഗവൺമെന്റിന്റെ മുമ്പിലും ഇക്കാര്യം നമ്മൾ വച്ചിട്ടുണ്ട്. തമിഴ്നാട്ടിൽ നാലായിരം രൂപയാണ് ഒരു വീട്ടിന് കൊടുക്കുന്നത്. ഒരു വീട്ടിന് പതിനായിരം രൂപയാക്കി വർദ്ധിപ്പിക്കണമെന്നുള്ള ഒരു നിവേദനം കേന്ദ്ര ഗവൺമെന്റ് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ : ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. മുതലായ പ്രവർത്തനങ്ങളിൽ ചില നോമിനികൾ വർക്ക് ഏറ്റെടുത്തതിനുശേഷം ലാഭകരമായ ചില പോർഷന്റെ പണി മാത്രം തീർത്തിട്ട് (മൺപണി മുതലായവ) വർക്ക് ഇട്ടുപോകുന്ന ഒരു ഏർപ്പാട് നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി നടക്കുന്നുണ്ട്. അങ്ങനെയുള്ള നോമിനികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

പിന്നീട് വർക്ക് കൊടുക്കാതിരിക്കാനും അതുപോലെതന്നെ അവരുടെ പേരിൽ ക്രിമിനൽ കുറ്റം ചുമത്താൻ വല്ല വ്യവസ്ഥയുമുണ്ടാക്കി ക്രിമിനൽ നടപടി പ്രകാരം ശിക്ഷിക്കാൻ വ്യവസ്ഥ ഉണ്ടാക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : നാട്ടുകാരുടെ കമ്മിറ്റിയാണ് തെരഞ്ഞെടുക്കാനുള്ളത്. റിക്കവറി തുടങ്ങിയ നടപടികളും നിയമപരമായി സ്വീകരിക്കാവുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി : തൊഴിൽദാന പദ്ധതി പ്രകാരം എൻ. ആർ. ഇ. പി. യിലും ആർ. എൽ. ഇ. ജി. പി. യിലും വർക്കുകൾ നടക്കുന്നുണ്ട്. എന്നാൽ ഗ്രാമീണ റോഡുകൾക്ക് ഇത്ര വീതി വേണമെന്ന് പറയുകയും അതിൽ ഒരു പാലം വേണമെങ്കിൽ നടപ്പാലം മാത്രമേയുണ്ടാക്കാൻ പറ്റുകയുള്ളു എന്ന സ്ഥിതിയാണ്. അത് മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ ? വാഹനം പോകത്തക്കവിധത്തിലുള്ള പാലം ഉണ്ടാക്കുന്നതിന് ആവശ്യമായ നിർദ്ദേശം കേന്ദ്ര ഗവൺമെൻറിൽനിന്നും വാങ്ങുമോ ?

ശ്രീ. രമേശ് ചെന്നിത്തല : വാഹന ഗതാഗതത്തിന് അനുയോജ്യമായ തരത്തിലുള്ള പാലങ്ങൾ ഉണ്ടാകുന്നതിന് ഇപ്പോൾ തടസ്സങ്ങളൊന്നുമില്ല.

ശ്രീ. കെ. പി. പ്രഭാകരൻ : എൻ. ആർ. ഇ. പി. വർക്കുകൾ ഡി. ആർ. ഡി. എ. ഗവേണിംഗ് ബോഡിയാണ് നിശ്ചയിക്കുന്നത്. ആർ. എൽ. ഇ. ജി. പി. വർക്കിന്റെ പ്രൊപ്പോസൽ കൊടുത്താൽ കേന്ദ്രഗവൺമെന്റിന്റെ സാംഗ്ഷൻ വരുമ്പോൾ ആ വർക്കുകളിൽ വെട്ടിക്കുറവ് വരുന്നുണ്ട്. മാർച്ചിലാണ് കഴിഞ്ഞവർഷം അവസാനത്തെ ലിസ്റ്റ് വന്നത്. തൃശ്ശൂരിൽ 24 വർക്കുകൾ ഗവേണിംഗ് ബോഡി ശുപാർശ ചെയ്തതിൽ 12 എണ്ണം വെട്ടിക്കുറച്ചു. വെട്ടിക്കുറയ്ക്കുന്നതിന് ഗവേണിംഗ് ബോഡിയോട് ആലോചിക്കുന്നില്ല. ഗവേണിംഗ് ബോഡിക്ക് അത് വെട്ടിക്കുറയ്ക്കാൻ അവകാശമില്ലെങ്കിലും കേന്ദ്ര ഗവൺമെൻറ് വെട്ടിക്കുറവ് വരുത്തുമ്പോൾ ഏത് നീക്കം ചെയ്യണം, ഏതിന് മുൻഗണന കൊടുക്കണമെന്നുള്ളത് തീരുമാനിക്കാനുള്ള അവകാശം ഗവേണിംഗ് ബോഡിക്കുതന്നെ നൽകണമെന്ന് തൃശ്ശൂരിലെ ഗവേണിംഗ് ബോഡി ഒരു റെസല്യൂഷൻ പാസാക്കി ഗവൺമെൻറിന് കൊടുത്തിരുന്നു. അതിൽ എന്തെങ്കിലും തീരുമാനമെടുത്തോ ?

ശ്രീ. രമേശ് ചെന്നിത്തല : വെട്ടിക്കുറവ് വരുന്നത് ചിലപ്പോൾ സാമ്പത്തികമായ അപര്യാപ്തത കൊണ്ടായിരിക്കാം. കഴിഞ്ഞവർഷം അങ്ങനെയൊരു സംഭവം ഉണ്ടായിട്ടുണ്ട്. വെട്ടിക്കുറയ്ക്കുമ്പോൾ ഏത് വെട്ടിക്കുറയ്ക്കണമെന്നുള്ള കാര്യം മേലിൽ തീർച്ചയായിട്ടും ഗവേണിംഗ് ബോഡിയുടെ അംഗീകാരം വാങ്ങിക്കൊണ്ട് മാത്രമേ ചെയ്യുകയുള്ളു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : അങ്ങനെ ഗവേണിംഗ് ബോഡിയുടെ അനുവാദം കൂടാതെ വെട്ടിക്കുറച്ചതുകൊണ്ട് ചില പ്രത്യേക സ്ഥലങ്ങളിൽ ഒരു പണിയും നടക്കാത്തത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : അങ്ങനെയുള്ള പ്രത്യേക സ്ഥലങ്ങൾ ചൂണ്ടിക്കാണിച്ചാൽ അത് തിരുത്താൻ നടപടി സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മൂസ്സാൻകുട്ടി : കഴിഞ്ഞ ഓഗസ്റ്റ് മാസത്തിൽ ഗവേണിംഗ് ബോഡി ഉണ്ടാക്കിയിട്ടുള്ള ലിസ്റ്റ് പ്രകാരമുള്ള റേറ്റ് ഒക്ടോബർ ഒന്നുമുതൽ റിവൈസ് ചെയ്തതിന്റെ ഫലമായിട്ട് പകുതി മാത്രമേ ടെണ്ടർ ചെയ്യാൻ സാധിക്കുകയുള്ളൂ. റേറ്റ് മുഴുവൻ പൂർത്തീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. രമേശ് ചെന്നിത്തല : സാധാരണഗതിയിൽ എഗ്രിമെന്റുവച്ച് വർക്ക് ചെയ്തുതുടങ്ങിയാൽ പിന്നീട് അത് റിവൈസ് ചെയ്യുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്.

ശ്രീ. എം. കെ. കേശവൻ : എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി. അനുസരിച്ചുള്ള വർക്കുകൾക്ക് ഗവേണിംഗ് ബോഡി തീരുമാനമെടുത്താൽ അത് പ്രോജക്ട് ഓഫീസർക്ക് സ്വന്തമായി മാറ്റാൻ അവകാശമുണ്ടോ, അങ്ങനെ മാറ്റിയിട്ടുണ്ടെങ്കിൽ ആ വർക്ക് നടത്താൻ നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : അത് ചൂണ്ടിക്കാണിച്ചാൽ പരിശോധിക്കാവുന്നതാണ്. ഡി. ആർ. ഡി. എ. ഗവേണിംഗ് ബോഡിയാണ് വർക്കുകളുടെ കാര്യത്തിൽ അന്തിമമായ തീരുമാനം എടുക്കുന്നത്.

ശ്രീ. എം. പി. എം. ഇസ്ഹാക് കുരിക്കൾ : കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന പണം ജില്ലകൾക്കാണോ അതോ ബ്ലോക്കുകൾക്കാണോ അലോട്ട് ചെയ്യുന്നത് ?

ശ്രീ. രമേശ് ചെന്നിത്തല : നേരത്തെ ഡിസ്ട്രിക്ട് വൈസായിട്ടായിരുന്നു. ഇപ്പോൾ വികസന ബ്ലോക്കുതലത്തിലാണ് കേന്ദ്ര ഗവൺമെന്റ് പൈസ അനുവദിക്കുന്നത്.

ശ്രീ. ആർ. എസ്. ഉണ്ണി : എൻ. ആർ. ഇ. പി. അനുസരിച്ച് എന്റെ നിയോജകമണ്ഡലത്തിൽ ചില ആളുകൾക്ക് ജീവനോപാധികൾ കൊടുത്തിരുന്നു. അതിൽ അഴിമതിയുണ്ട് എന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ആരോപണം ഉന്നയിക്കുകയും ഡിപ്പാർട്ടുമെന്റ് അതിനെപ്പറ്റി അന്വേഷണം നടത്തുകയും ചെയ്തിരുന്നു. ഉദ്യോഗസ്ഥൻമാർ അഴിമതി നടത്തി എന്നു പറഞ്ഞു. അവരുടെ പേരിൽ ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെട്ടിട്ടും രാഷ്ട്രീയ ഇടപെടൽ കൊണ്ടാണ് അഴിമതി നടത്തിയ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുക്കാത്തത് എന്നുള്ളതാണ് സത്യം. ഇക്കാര്യത്തെപ്പറ്റി മന്ത്രി അന്വേഷിക്കുമോ ?

ശ്രീ. രമേശ് ചെന്നിത്തല : ഇത്തരത്തിൽ അഴിമതി കാണിക്കുന്ന ഉദ്യോഗസ്ഥൻമാരെ നിലയ്ക്കു നിറുത്തണമെന്നുള്ള സമീപനമാണ് ഗവൺമെന്റിനേറത്. ബഹുമാനപ്പെട്ട മെമ്പർ എഴുതിത്തന്നാൽ തീർച്ചയായിട്ടും ഇക്കാര്യത്തിൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്. ഒരുതരത്തിലുള്ള രാഷ്ട്രീയ ഇടപെടലും ഇക്കാര്യത്തിൽ നടത്തുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly